**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2795** **24-02-2026 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നിയും മുള്ളൻപന്നിയും കാരണമുണ്ടാവുന്ന കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടുപന്നിയും, മുള്ളൻപന്നിയും കാരണം കൃഷിനാശം ഉണ്ടാവുന്ന പക്ഷം നഷ്ടപരിഹാരത്തിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; ഇപ്രകാരം കൃഷിനാശം വരുത്തുന്ന ജീവികളെ വെടിവെച്ചു കൊല്ലുന്നതിന് ആരെയാണ് കൃഷിക്കാർ സമീപിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | (എ) | വന്യമൃഗങ്ങൾ മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകി വന്നിരുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോംപൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് വ്യവസ്ഥകൾ പ്രകാരമാണ്. നഷ്ടപരിഹാരം ലഭിക്കുന്നതിനായി അതാത് പ്രദേശത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കോ വൈൽഡ് ലൈഫ് വാർഡനോ ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തിരം അപകടത്തിന് ഹേതുവായ സംഭവം നടന്ന് ആറ് മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയും ബന്ധപ്പെട്ട രേഖകളും സൂക്ഷ്മമായി പരിശോധിച്ച ശേഷം അർഹതപ്പെട്ടവർക്ക് നഷ്ടപരിഹാരം ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകി വരുന്നു.<br>സ.ഉ.(കൈ) നം. 4/2024/DMD തീയതി 07/03/2024 പ്രകാരം കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം "സംസ്ഥാന സവിശേഷ ദുരന്തം" ആയി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ.ഉ.(സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടി മാനദണ്ഡങ്ങൾ പ്രകാരം മനുഷ്യ വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നത് കൃഷി വകുപ്പ് മുഖേനയാണ്. ടി മാനദണ്ഡങ്ങൾ പ്രകാരം വിവിധ വകുപ്പുകൾ മുഖാന്തിരം നൽകേണ്ട നഷ്ടപരിഹാരങ്ങൾക്കുള്ള ഏകജാലക സംവിധാനം തയ്യാറാക്കി വരുന്നു.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ് ലൈഫ് വാർഡനായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായും ചുമതലപ്പെടുത്തി സ.ഉ.(സാധാ) നം. |

| | | | |
|---|---|---|---|
| | | | 239/2022/വനം തീയതി 31/05/2022 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് 1972 ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായിട്ടുള്ള, ഷെഡ്യൂൾ II-ൽ പെട്ട വന്യജീവിയായ കാട്ടുപന്നികൾ ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകരമായി കാണപ്പെടുന്ന സാഹചര്യത്തിൽ അവയെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനുള്ള ഉത്തരവ് നൽകുന്നതിനുള്ള അധികാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഡെലിഗേറ്റ് ചെയ്ത് ഉത്തരവ് നൽകിയിട്ടുണ്ട്. ടി ഉത്തരവുകളുടെ കാലാവധി 27/05/2026 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷ നൽകിയാൽ മതിയാകും.<br>1972 ലെ വന്യജിവി (സംരക്ഷണ) നിയമ പ്രകാരം മുള്ളൻ പന്നികൾ ഷെഡ്യൂൾ 1 ൽ ഉൾപ്പെട്ട ജീവികളാണ്. ഷെഡ്യൂൾ 1 ൽ ഉൾപ്പെട്ടിട്ടുള്ള ജീവികളെ പിടികൂടുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതി ആവശ്യമാണ്. |
| (ബി) | കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കുപറ്റിയാൽ എന്തൊക്കെ സേവനങ്ങളാണ് സർക്കാർ തലത്തിൽ ലഭ്യമാകുക എന്ന് വിശദമാക്കാമോ? | (ബി) | മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് വനം വകുപ്പിൽ നിന്നും നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോംപൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് (Kerala Rules for Payment of Compensation to Victims of Attack by Wild Animals, 1980) ൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05/04/2018-ലെ സ.ഉ. (കൈ) നം. 17/2018/വനം, 20/01/2024-ലെ സ.ഉ. (കൈ) നം. 03/2024/വനം എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിരക്കിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് പരമാവധി ഒരു ലക്ഷം രൂപവരെ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് ചികിത്സാ ചിലവിന്റെ മുഴുവൻ തുകയും, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ